**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.970 05.03.2020-ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാരിന്റെ കാലത്ത് മലയോര ഹൈവേയുടെ പണി പൂർത്തിയാക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ; ഇത് പ്രാവർത്തികമാക്കുവാൻ എന്ത് നപടിയാണ് സ്വീകരിച്ചിട്ടുളളതെന്നറിയിക്കുമോ; | (എ) & (ബി) | 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1267 കി.മീ. നീളത്തിൽ 3500 കോടി മതിപ്പ് ചിലവിൽ മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കും എന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. അതനുസരിച്ച് 10/07/2017 ലെ സ.ഉ.(സാധാ) നം. 942/2017/പി.ഡബ്ല്യു.ഡി പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നു പോകുന്നുണ്ട്. |
| (ബി) മലയോര ഹൈവേക്ക് ആകെ എത്ര റീച്ചുകളാണ് ഉളളത്; അതിൽ എത്ര റീച്ചുകളുടെ ഡി.പി.ആർ ഇതിനകം തയ്യാറാക്കി; അതിൽ എത്ര റീച്ചുകളുടെ നിർമ്മാണ പ്രവർത്തനം ഇതിനകം ആരംഭിച്ചു; വ്യക്തമാക്കുമോ; | | മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്കു വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സ്ഥലലഭ്യതയ്ക്കനുസരിച്ച് വിവിധ റീച്ചുകളായി തിരിച്ച് ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഇതുവരെ 27 |

റീച്ചുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തരപുരം -4, കൊല്ലം-1, ഇടുക്കി-3, എറുണാകുളം-2, തൃശ്ശൂർ-2, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കണ്ണൂർ - 1, കാസർഗോഡ്-4). ഇതിൽ 20 റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഈ 20 റീച്ചുകൾക്കുമായി 1675.927 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 513.589 കി.മീ. ആണ്. ഇതിൽ 200.55 കി.മീ. വരുന്ന 9 റീച്ചുകളുടെ പ്രവൃത്തി ആരംഭിച്ചു. അംഗീകാരം ലഭിച്ചതും പ്രവൃത്തി തുടങ്ങിയതുമായ റീച്ചുകളുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

**(സി)** കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്കായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും അതിൽ എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചുവെന്നും അറിയിക്കാമോ?

(സി) കിഫ്ബിയിൽ നിന്നും മലയോര ഹൈവേയുടെ 9 റീച്ചുകൾക്കായി 1675.927 കോടി രൂപയുടെ സാമ്പത്തികാംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി വിലയിരുത്തി ബില്ലുകൾ സമർപ്പിക്കുന്നമുറയ്ക്ക് ഇതുവരെയായി 138.33 കോടി രൂപ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം | ജില്ല | പ്രവൃത്തി | നീളം (കി.മീ) | കിഫ്ബി അംഗീ - കരിച്ച തുക (കോടി) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം | 15.5 | 53.84 | പ്രവൃത്തി ആരംഭിച്ചു |
| 2 | തിരുവനന്തപുരം | കള്ളിക്കാട് പാറശ്ശാല രണ്ടാം ഘട്ടം | 15.71 | 54.91 | പ്രവൃത്തി ആരംഭിച്ചു |
| 3 | തിരുവനന്തപുരം | കൊല്ലായിൽചല്ലിമുക്ക് വിതുര റോഡ് | 21.08 | 54.72 | പ്രവൃത്തി ആരംഭിച്ചു |
| 4 | തിരുവനന്തപുരം | പെരിങ്ങമല വിതുര റോഡ് | 9.45 | 45.25 | പ്രവൃത്തി ആരംഭിച്ചു |
| 5 | കൊല്ലം | പുനലൂർ അഗസ്ത്യകോട് റോഡ് | 48.1 | 201.67 | പ്രവൃത്തി ആരംഭിച്ചു |
| 6 | ഇടുക്കി | കുട്ടികാനം ചപ്പാത്ത് റോഡ് | 19 | 73.91 | അംഗീകാരം ലഭിച്ചു |
| 7 | ഇടുക്കി | പീരുമേട് ദേവികുളം റോഡ് | 27.72 | 84.53 | അംഗീകാരം ലഭിച്ചു |
| 8 | തൃശ്ശൂർ | വെള്ളിക്കുളങ്ങര വെറ്റിലപ്പാറ റോഡ് | 19 | 80.57 | അംഗീകാരം ലഭിച്ചു |
| 9 | മലപ്പുറം | പൂക്കോട്ടുപാടം തമ്പുരാട്ടികല്ല് | 32.19 | 115.38 | പ്രവൃത്തി ആരംഭിച്ചു |
| 10 | മലപ്പുറം | പൂക്കോട്ടുപാടം മൂലേപാടം | 20.5 | 49.5 | അംഗീകാരം ലഭിച്ചു |
| 11 | മലപ്പുറം | പൂക്കോട്ടുപാടം കാളികാവ് | 26.31 | 103.11 | അംഗീകാരം ലഭിച്ചു |
| 12 | കോഴിക്കോട് | പുല്ലുവ തൊട്ടിൽപാലം | 28 | 88.13 | അംഗീകാരം ലഭിച്ചു |
| 13 | കോഴിക്കോട് | കൊടഞ്ചേരി കക്കാടംപൊയിൽ | 35.35 | 144 | അംഗീകാരം ലഭിച്ചു |
| 14 | കോഴിക്കോട് | തലയാട് - മലപ്പുറം കോടഞ്ചേരി | 18 | 48.75 | അംഗീകാരം ലഭിച്ചു |
| 15 | വയനാട് | പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് | 16.75 | 57.78 | പ്രവൃത്തി ആരംഭിച്ചു |
| 16 | വയനാട് | കൊട്ടിയൂർ ബോയ്സ് ടൗൺ ഫേയ്സ് 1 വളയാട് കങ്കിച്ചിറ റോഡ് | 46.12 | 114 | അംഗീകാരം ലഭിച്ചു |
| 17 | കാസറഗോഡ് | ചേവാർ ഇടപ്പറമ്പ | 49.68 | 83.85 | അംഗീകാരം ലഭിച്ചു |
| 18 | കാസറഗോഡ് | നന്ദാരപ്പടവ് ചേവാർ | 23 | 54.76 | പ്രവൃത്തി ആരംഭിച്ചു |
| 19 | കാസറഗോഡ് | കൊളിച്ചൽ ചെറുപുഴ | 28.88 | 82 | പ്രവൃത്തി ആരംഭിച്ചു |
| 20 | കാസറഗോഡ് | കൊളിച്ചൽ ഇടപറമ്പ | 24.4 | 85.15 | പ്രവൃത്തി ആരംഭിച്ചു |

സെക്ഷൻ ഓഫീസർ